ഉത്തരം

(എ) & (ബി) ഇൻഫോപാർക്കിന്റെ കാക്കനാട്ടുള്ള കെട്ടിടങ്ങളിൽ നിലവിൽ 30 കമ്പനികൾ പ്രവർത്തിക്കുന്നു. നിലവിലുള്ള രണ്ട് കെട്ടിടങ്ങൾ ഇതിനായി പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ, ഇൻഫോപാർക്കിനു കീഴിൽ കല്ലൂർ ITES ഹാബിറ്റാറ്റിൽ 13 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഇവയിൽ വിദേശമൂലധനമുടക്കുള്ള രണ്ട് യൂണിറ്റുകളാണ് ഉള്ളത്.

(ഡി) ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഒട്ടാകെ 28 കോടി രൂപ മുതൽമുടക്ക് നടത്തുന്നതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

സീതാംഗോളി കിൻഫ്രാ പാർക്കിന്റെ പ്രവർത്തനം

19 [3533] *ശ്രീ സി ടി അഹമ്മദ് അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സീതാംഗോളി കിൻഫ്രാ പാർക്ക് എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കിൻഫ്രാ പാർക്കിനുവേണ്ടി ഇതുവരെയായി എത്ര ഏക്കർ സ്ഥലം ഏതെല്ലാം പഞ്ചായത്തുകളിലായിട്ടാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം, ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2005 മാർച്ച് മാസം 7-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു.

(ബി) 194 ഏക്കർ സ്ഥലം മദൂർ, ബദിയടുക്ക, പുതിഗേ എന്നീ പഞ്ചായത്തുകളിലായിട്ടാണ് കിൻഫ്രാ ഏറ്റെടുത്തിട്ടുള്ളത്.

(സി) സ്ഥലത്തിന്റെ ലഭ്യതയനുസരിച്ചുമാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ കഴിയൂ.

"ബാംബുമിഷന്റെ രൂപീകരണം"

20 [3534] *ശ്രീ. വർക്കല കഹാർ:*
,, ടി. യു. രാധാകൃഷ്ണൻ:
,, ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഒരു ബാംബു മിഷൻ രൂപവൽക്കരിച്ചിട്ടുണ്ടോ;

(ബി) ബാംബു വ്യവസായവികസനത്തിൽ ഈ മിഷന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാം;

(സി) ഈ മിഷന്റെ തലവൻ ആരെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മിഷന്റെ പ്രവർത്തനത്തിനായി എന്തു തുക കേന്ദ്രസഹായമായി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുള/ഈറ്റ/തഴപ്പായ എന്നീ മേഖലകളുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന ഉത്തരവാദിത്വങ്ങൾ ബാംബു മിഷൻ ഏറ്റെടുത്തിട്ടുണ്ട്:

1. മുള/ഈറ്റ/തഴപ്പായ എന്നീ മേഖലകളുടെ വികസനത്തിനായുള്ള സമഗ്രമായ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ;

2. മുളന്തോട്ട വികസനം;

3. മുള/ഈറ്റ/തഴപ്പായ എന്നീ മേഖലകളിലുള്ള തൊഴിലാളികളുടെ സാങ്കേതിക പരിശീലനംവഴിയുള്ള "സ്കിൽ അപ്ഗ്രഡേഷൻ";

4. പുതിയ ഉൽപ്പന്നങ്ങളും ഡിസൈനുകളും കണ്ടെത്തൽ;

5. മുള/ഈറ്റ/തഴപ്പായ എന്നിവയെക്കുറിച്ചുള്ള സമഗ്ര ഗവേഷണവും പുതിയ സാങ്കേതികവിദ്യ കണ്ടെത്തലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ തുടങ്ങിയവ.

(സി) വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയാണ് ബാംബു മിഷന്റെ ചെയർമാൻ.

(ഡി) 36.30 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ബേപ്പൂർ നിയോജകമണ്ഡലത്തിലെ സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധരിക്കുന്നതിന് പദ്ധതി

21 [3535] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധരിക്കുന്നതിന് ഓപ്പറേറ്റിംഗ് ഏജൻസിയായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സർക്കാരിന് സമർപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എസ്.ബി.ഐ. പദ്ധതി സമർപ്പിച്ച തീയതി വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly